# കേരള സർവകലാശാല

നം. പി.ആർ.200/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.എ ആർക്കിയോളജി സ്പോട്ട് അഡ്മിഷൻ

കേരള സർവകലാശാല കാര്യവട്ടം ആർക്കിയോളജി പഠനവകുപ്പിൽ എം.എ ആർക്കിയോളജി പ്രോഗ്രാമിൽ (2017 അഡ്മിഷൻ) എസ്.ടി വിഭാഗത്തിന് ഒരു സീറ്റിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. യോഗ്യരായവർ സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകളുമായി സെപ്റ്റംബർ 16-ന് രാവിലെ 10 മണിക്ക് പഠനവകുപ്പിൽ ഹാജരാകേണ്ടതാണ്.

### പ്രൊജക്റ്റ് ഫെലോ വോക് – ഇൻ ഇന്റർവ്യൂ

കേരള സർവകലാശാല ജിയോളജി പഠനവകുപ്പിൽ നടത്തുന്ന പ്രൊജക്റ്റിന്റെ പ്രൊജക്റ്റ് ഫെലോയുടെ താൽക്കാലിക നിയമനത്തിനായുള്ള വോക് – ഇൻ ഇന്റർവ്യൂ സെപ്റ്റംബർ 22-ന് ഉച്ചയ്ക്ക് രണ്ട് മണിക്ക് കാര്യവട്ടം ജിയോളജി പഠനവകുപ്പിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) **Job Notifications** എന്ന ലിങ്കിൽ ലഭിക്കും.

### പുനർമൂല്യനിർണയം: അപേക്ഷാ തീയതി നീട്ടി

കേരള സർവകലാശാല മെയ്യിൽ നടത്തിയ അവസാന വർഷ ബി.കോം (കമ്പ്യൂട്ടർ ആപ്ലിക്കേഷൻ – ത്രീ മെയിൻ സിസ്റ്റം) പരീക്ഷയുടെ പുനർമൂല്യനിർണയത്തിനായുള്ള അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി സെപ്റ്റംബർ 28 വരെ നീട്ടി.

### ബി.എച്ച്.എം പരീക്ഷ

കേരള സർവകലാശാല ഒക്ടോബറിൽ നടത്താനിരുന്ന രണ്ട്, നാല് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പരീക്ഷകൾക്കുള്ള (2006, 2011 & 2014 സ്കീം) ഓൺലൈൻ രജിസ്ട്രേഷൻ സെപ്റ്റംബർ 14 മുതൽ ആരംഭിക്കുന്നു. പിഴ കൂടാതെ സെപ്റ്റംബർ 20 (50 രൂപ പിഴയോടെ സെപ്റ്റംബർ 23, 125 രൂപ പിഴയോടെ സെപ്റ്റംബർ 25) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### പി.ജി പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ – അവസാന തീയതി സെപ്റ്റംബർ 16

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവ/എയ്ഡഡ്/സ്വാശ്രയ/യു.ഐ.റ്റി കോളേജുകളിലെ ബിരുദാനന്തര ബിരുദ (പി.ജി) കോഴ്സുകളിലേയ്ക്കുള്ള പ്രവേശനത്തിന് സെപ്റ്റംബർ 16 വൈകുന്നേരം അഞ്ച് മണി വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. പ്രവേശനവുമായി ബന്ധപ്പെട്ട തുടർന്നുള്ള ആവശ്യങ്ങൾക്കായി അപേക്ഷകർ പ്രിന്റൗട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഇതിനോടകം അപേക്ഷ സമർപ്പിച്ചവർ തങ്ങളുടെ കൈവശമുള്ള അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷ്മമായി പരിശോധിച്ച് സെപ്റ്റംബർ 18 നകം ആവശ്യമുള്ള തിരുത്തലുകൾ വരുത്തിയ ശേഷം പുതിയ പ്രിന്റൗട്ട് നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. അപേക്ഷയിലെ തെറ്റുകൾ പ്രവേശനത്തെ പ്രതികൂലമായി ബാധിക്കും.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പി.ജി. പ്രവേശനം,2017– കമ്മ്യൂണിറ്റി ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ സെപ്തംബർ 16 വരെ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, അനുബന്ധ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. 20.09.2017–ന് കോളേജിൽ കമ്മ്യൂണിറ്റി മെറിറ്റ് റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. 26.09.2017–ന് പ്രവേശനം നടത്തും. സർവകലാശാലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## പി.ജി. പ്രവേശനം, 2017– സ്പോർട്സ് ക്വാട്ട

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് കോളേജുകളിലെ ബിരുദാനന്തരബിരുദ (പി.ജി.) കോഴ്സുകളിലേയ്ക്കുള്ള സ്പോർട്സ് ക്വാട്ട പ്രവേശനത്തിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നവർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്, സ്പോർട്സിലെ നേട്ടങ്ങൾ തെളിയിക്കുന്ന രേഖകളുടെ പകർപ്പ് എന്നിവ സഹിതം ബന്ധപ്പെട്ട കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. സർവകലാശാലയിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതില്ല.

(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

തിരുവനന്തപുരം.
13.09.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in